# എന്നാലും നീ

## ചെറുകഥ

കുരുവി

നൈറ്റ് ഡ്യൂട്ടിയാണ്.

കാഷ്യുവാലിറ്റിയിൽ തരക്കേടില്ലാത്ത തിരക്കുണ്ട്. മിക്കതും അപകടങ്ങൾ തന്നെ അതും ഇരുചക്രവാഹനാപകടങ്ങൾ. വാഹനം പെരുകുന്നതല്ലാതെ വഴി പെരുകിന്നില്ലന്ന് ആരൊ വരാന്തയിൽ നിന്നു പിറുപിറുക്കുന്നത് കേട്ടു.

വരാന്തയിലെ വെട്ടം കുറഞ്ഞ ബൾബുകൾ എഴുപതുകളിലെ റാന്തൽ വിളക്കുകളെ ഓർമ്മിപ്പിച്ചു. അല്ലെങ്കിൽതന്നെ എന്താണ് ആരെയെങ്കിലുമൊക്കെ എന്തെങ്കിലുമൊക്കെ ഓർമ്മിപ്പിക്കാത്തത്.

നിവേദിത സ്റ്റാഫ് റൂമിൽ കയറി അതിനു പുറകിലുള്ള ഡ്രെസ്സിങ്ങ് റൂമിലേക്ക് നടന്നു. യൂണീഫോം ധരിച്ചുകൊണ്ട് സ്റ്റാഫ് റൂമിലേക്ക് തിരിച്ചുകയറി.

ജാലകത്തിലൂടെ താഴേക്ക് നോക്കിയാൽ പട്ടണത്തിലെ റോഡിലെ തിരക്കുകാണാം ആശുപത്രിമുറ്റത്തെ ആംമ്പുലൻസുകളുടെ നീണ്ടനിരകാണാം. നിവേദിത മുഖത്തുനിന്നും കണ്ണാടിയൂരി വെള്ളചുരിദാറിൻെറ തുമ്പുകൊണ്ട് തുടച്ചു ദീർഘവീക്ഷണത്തിൻെറ അലംഭാവത്തിനാണ് കണ്ണുകളെ പൊതിഞ്ഞു കണ്ണാടി വച്ചിരിക്കുന്നത്.

ആദ്യത്തെ നിലയിൽ ഇരുപതു മുറികളാണ് സമ്പന്നരായ രോഗികളാണ് ആദ്യനിലയിൽ മുറിയെടുക്കുക അല്ലങ്കിൽ രോഗം മാറുന്നതിനൊപ്പം സാമ്പത്തിക ദാരിദ്രവും പിടിമുറുക്കും. സാധാരണക്കാരായ രോഗികൾക്ക് അദ്യനിലയിലെ ഒരു മുറി ഇന്നും മരീചികയാണ്.

ഡ്യൂട്ടികഴിഞ്ഞു പോകുമ്പോൾ റോസമ്മ അവളുടെ മകനെ പാട്ടു പഠിപ്പിക്കാൻ ചേർക്കുന്നതിനെപ്പറ്റി സംസാരിച്ചിരുന്നു. യേശുദാസിൻെറ പാട്ട് ടി.വി. യിൽ കേൾക്കുമ്പോൾ നാലുവയസുള്ള മകൻ കൂടെപ്പാടുകയും താളം പിടിക്കുകയും ചെയ്യുമത്രെ. പാടാൻ കഴിവുള്ളകുട്ടിയാണെങ്കിൽ പിന്നീട് മാതാപിതാക്കൾ അത് പഠിപ്പിച്ചില്ലെന്ന് പറയരുതല്ലോ. അതുപറയുമ്പോൾ റോസമ്മ ചിരിക്കുന്നുണ്ടായിരുന്നു കളിയാക്കിയാണൊ ചിരിച്ചെന്ന് വേർതിരിച്ചറിയാനായില്ല. ഒരാളെ കളിയാക്കാനുള്ള ബുദ്ധിയും ബോധവും റോസമ്മക്കുണ്ടൊ സംശയമാണ്. തൻെറ അവലോകനത്തിൽ റോസമ്മ ഒരു പാവം സ്ത്രീയാണ്

ആരോ നേഴ്സിങ്ങ് റൂമിലേക്ക് വരുന്നു എട്ടാംനമ്പർ മുറിയിലെ കൂട്ടിരിപ്പുകാരനാണ്. രോഗിയെ നാളെ ഡിസ്ചാർജ് ചെയ്യുമോ

എന്നറിയാനാണ്. ആയാൾ മടുത്തിട്ടുണ്ടാവും ആ രോഗിയൊരു മുശടൻ സ്വഭാവക്കാരനാണ്. ഡോക്ടർ വന്നാലെ പറയാൻ സാധിക്കൂ എന്നു പറഞ്ഞുകൊണ്ട് നിവേദിത ആയാളെ മടക്കിയയച്ചു.

ആയാളുടെ മുഖത്തൊരു തെളിച്ചമില്ലായ്മ പൊട്ടിപ്പുറപ്പെട്ടു മുല്ലപ്പെരിയാറിനു മുകളിൽ കാർമേഘം ഓടിക്കയറിയതുപോലെ .

നൈറ്റ് ഡ്യൂട്ടിക്ക് ഒന്നാംനിലയിൽ ഒരു നേഴ്സേ ഉണ്ടാവൂ കൂടെ ഒരു മെയിൽ നേഴ്സ് ഉണ്ടാവും ആയാൾ ഏതെങ്കിലും ഒരു മുറിയിൽ ആയിരിക്കും വിളിച്ചാൽ ഉടനെ വരണം എന്നതാണ് അധികാര നിർദേശം.

കൂടെ പഠിച്ച മുനീറാണ് ഇന്നു ഡ്യൂട്ടിയിൽ ഒന്നാംനിലയിലുള്ളത്. നല്ലപൊക്കവും വണ്ണവുമുള്ള കാണാൻ സുന്ദരനായ മുനീർ.

നിവേദിത കസേരയിലിരുന്നു.

വൈദ്യുതി വിളക്കിൻെറ കീഴേ കൊമ്പുള്ള കുറെ പ്രാണികൾ തിക്കിതിരക്കി പറക്കുന്നു. ഏതോ പാർട്ടിയുടെ സമ്മേളനം നടക്കുന്നപോലെ. അതുനോക്കി ഇരിക്കുമ്പോഴാണ് സ്റ്റാഫ് റൂമിലെ ഫോൺ ബെല്ലടിച്ചത്. എടുത്തു നോക്കിയപ്പോൾ മുനീറാണ്. അവൻെറ മുറിയിലേക്കൊന്നുചെല്ലാൻ. സാധാരണ അങ്ങനെയാരും വിളിക്കാറില്ലാത്തതാണ്.

ചുവരിലെ ഘടികാരത്തിൽ അദ്ധരാത്രിയുടെ അതായത് രാത്രി പന്ത്രണ്ട് മണിയുടെ അലാറം മുഴങ്ങിക്കഴിഞ്ഞു. സാധാരണ രോഗികൾക്കെന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ മെയിൽ നേഴ്സിനെയാണ് ഫോൺ ചെയ്യാറ്. എന്തായാലും പോയിനോക്കുകതന്നെ നിവേദിത മുറിയിൽ നിന്നുമിറങ്ങി. വരാന്തയിലേ ക്കിറങ്ങി. വരാന്തയിലെ സീറോ ബൾബ് താനാണ് രാത്രിയിലെ സൂര്യൻ എന്നമട്ടിൽ അൽപ്പം അഹങ്കാരത്തോടെ കത്തിനിൽക്കുകയാണ്.

പുരികത്തിനു മുകളിൽ കുത്താൻ വന്നൊരു കൊതുകിനെ നിവേദിത ഇടംകൈകൊണ്ട് അടിച്ചു നിലത്തുവീഴ്ത്തി.

ആശുപത്രിവരാന്തയിൽ കൊല്ലങ്ങൾക്കുമുൻപ് സ്ഥാപിച്ചതും പല്ലിയും പാറ്റയും കൊതുകും തള്ളിമറിച്ചിടാൻ ശ്രമിക്കുകയും ചെയ്യുന്ന ചത്ത ഘടികാരത്തിൽ സമയം രണ്ട് മണി.

ഒന്നാം നിലയിലെ സകല രോഗികളുടെ മുറിയിലും വെളിച്ചം കെടുത്തപ്പെട്ടിരിക്കുന്നു. അതിൻെറ അനന്തരഫലമായി മുറികളിൽ കറുത്ത വേളിച്ചം നിറഞ്ഞിരിക്കുന്നു.

ഒന്നാം നിലയിലെ അങ്ങേയറ്റത്തേ മുറിയിൽ മാത്രം ബൾബിൻെറ വെളിച്ചം ആ മുറിയിലാണ് മുനീർ ഉള്ളത്. അവനെന്തിനാണ് വിളിച്ചതെന്ന് ഇപ്പോഴും മനസിലാകുന്നില്ല. കൂടെ പഠിച്ചവനാണ് ആയൊരു ബലത്തിലാണ് അവൻെറ അരികിലേക്ക് പോകുന്നത്. ചില മുറികളിൽ നിന്നും എരുമ മുക്രയിടുന്നതു പോലെയും, തമിഴൻെറ ലോറി., കയറ്റം കയറു ന്നതുപോലെയുമുള്ള ശബ്ദങ്ങൾ ഉയർന്നുകേൾക്കാം. അത് സുഖമായുറങ്ങുന്നവർ കൂർക്കം വലിക്കുന്നതാണ്. നിവേദിതയ്ക്ക് കല്യാണ ആലോചനകൾ വന്നുതുടങ്ങി അതുകൊണ്ടാണ് അമ്മ ദൽഹിയിൽ ജോലിചെയ്തുകൊണ്ടിരുന്ന നിവേദിതയെ വീട്ടിൽ വിളിച്ചുവരുത്തിയിരിക്കുന്നത് നിവേദിതയ്ക്ക് കുറച്ചു കൂടി തടി വയ്ക്കണം അതാണ് അമ്മയുടെ മുഖ്യമായ ചിന്ത. പെണ്ണുകാണാൻ വരുന്ന ചെറുക്കന് നിവേദിതയെ കാണുമ്പോൾ പെണ്ണാണെന്നു തോന്നണം. അതും പറയപ്പെടാത്ത പദ്ധതിയാണ്.

കൂടപ്പിറപ്പെന്നു പറയാൻ നിവേദിതയ്ക്ക് ഒരാങ്ങളയേ ഉള്ളു. അവൻ ചെന്നയിൽ എൻജിനിയറിങ്ങ് പഠിക്കുകയാണ്.

മുനീർ ഉള്ളതും വെട്ടം ഉള്ളതുമായ മുറിയുടെ വാതിലിൽ നിവേദിത മുട്ടി. വതിൽ ചാരിയിട്ടേയുണ്ടായിരിന്നുള്ളൂ നിവേദിതയുടെ വരവും പ്രതീക്ഷിച്ചു. വാതിൽ തുറന്നു അകത്തു കടന്ന നിവേദിത കണ്ടത് കസേരയിലിരുന്നു മൊബൈലിൽ എന്തോ നോക്കി ക്കൊണ്ടിരിക്കുന്ന മുനീറിനെയാണ്. നിവേദിതയെ കണ്ടതും മുനീർ കസേരയിൽ നിന്നുമെണീറ്റു. മുനീർ നിവേദിതയെ ആദ്യം കാണുന്നപോലെ നോക്കുകയാണ്. ഒരിക്കലും കാണാത്ത ഒരു ഭാവം മുനീറിൽ നിവേദിത ദർശിക്കുകയാണ്. മുനീറിൻെറ നോട്ടം കണ്ണുകളിൽനിന്നും നാസികയിലേക്കും ചുണ്ടുകളിലേക്കും അവിടെനിന്നും താ ഴേക്കും ഒരു ഇറച്ചിക്കടക്കാരൻെറ കത്തി ഇറച്ചിയിൽ ആഴ്ന്നിറങ്ങുന്നപോലെ ഇറങ്ങിയപ്പോൾ നിവേദിതയുടെ മനസിൽ ഭയത്തിൻെറ കറുത്തപക്ഷികൾ ചിറകടിച്ചു. നീ സുന്ദരിയണെന്നും നിൻെറ അതും ഇതും മനോഹരമാണെന്നും ഒരു വേട്ടനായയെപ്പോലെ മുനീർ പുലമ്പിയപ്പോൾ നിവേദിത ഒരടി പിന്നോട്ടുവച്ചു.

കൂടെ പഠിച്ചവനാണ് കൂടപ്പിറപ്പിനെപ്പോലെ കണ്ടവനാണ്. പള്ളിക്കൂടത്തിൽ ഒന്നിച്ചു പോയവരാണ്.

സത്യം പറയാമല്ലൊ നിവേദിതേ നിന്നെ ഫോൺ വിളിച്ചു വരുത്തിയത് അത്രക്ക് കൊതിയായിട്ടാണ്. ആരുമറിയില്ല ഒന്നുംസംഭവിക്കില്ല. ഒരിക്കൽ... ഒരിക്കൽ മാത്രം നീ എൻെറകൂടെയൊന്നു കിടക്കണം.

മുനീറിൻെറ കണ്ണിലെ ആസക്തിക്ക് തീപിടിച്ചപോലെ.

നിവേദിതയ്ക്ക് എന്തുപറയണമെന്നറിയില്ല. എങ്ങനെ രക്ഷപെടുമെന്നറിയില്ല. അപ്രതീക്ഷിതം ആണിത്. ഒരിക്കലുമിങ്ങനെയൊരു രംഗം പേകിനാവായി പോലും കണ്ടിട്ടില്ല. മുനീറിനെപറ്റി ഇങ്ങനെയൊന്നും വിചാരിച്ചിരുന്നില്ല. ചെറുപ്പത്തിൽ പെൺകുട്ടികളോട് ഒത്തിരിയൊന്നും സംസരിക്കാത്ത ആളായിരിന്നു മുനീർ. എന്തെകിലും ചോദിച്ചാൽ മാത്രം ഉത്തരം കൊടുക്കുന്ന കുട്ടി. നിവേദിത ഭയന്നു വിറച്ചു ശബ്ദിക്കാനകാതെ നിൽക്കുകയാണ്. അവളിലെ ഭയം വിയർപ്പുകണങ്ങളായി മാറുകയണ്.

ഒരുതവണ ഒരൊറ്റ തവണ മുനീർ വീണ്ടും കെഞ്ചുകയണ്. അവൻ നിവേദിതയുടെ തോളിൽ കൈവച്ചു മറ്റേകൈ കൊണ്ടൂ ഇരക്കുകയണ് നിവേദിതയോട്.

നിവേദിതയുടെ കണ്ണുനിറഞ്ഞു.എവിടെനിന്നോ ഒരു ശക്തികിട്ടിയപോലെ അവൾ മുനീറിൻെറ കൈ തട്ടിതാഴെയിട്ടു. തിരിഞ്ഞുനടന്നു തുടങ്ങിയപ്പോൾ മുനീർ നിവേദിതയുടെ കൈയ്യിൽ കയറി പിടിച്ചു. പകച്ചുപോയ നിവേദിത എങ്ങനെയോ മുനീറിനെ തള്ളി താഴെയിട്ടു വാതിൽ തുറന്നു തിരിഞ്ഞുനോക്കാതെ ഓടി സ്റ്റാഫ് റൂമിൽകയറി വാതിലടച്ചു. അവളുടെ നെഞ്ചിടിപ്പുകൂടി ശരീരം മുഴുവൻ വിറച്ചു. കടുവയുടെ മുൻപിൽ പെട്ടു പോയ ഒരാട്ടിൻ കുട്ടിയേപ്പോലെ അവൾ വെപ്രാളപ്പെട്ടു.

ഇതേപറ്റി പറയുന്ന താരോടാണ്. അവൾ വാതിലിലെ ചില്ലിലൂടെ പുറത്തേക്ക് നോക്കി. മുനീറിൻെറ പകുതിയേയുള്ളൂ താൻ. വളരെ ലളിതമായി മുനീറിനു കീഴ്പ്പെടുത്താവു ന്നതേയുള്ളു തന്നെ. അവൾ തൂവാലയെടുത്ത് വിയർത്തു

കുളിച്ചമുഖം തുടച്ചു. ഇല്ല വരാന്തയിലെങ്ങും ആരുമില്ല. നിവേദിത കസേരയിലിരുന്നു. അവളുടെ കണ്ണുകൾ വാതിലിൽ തറഞ്ഞുനിന്നു. സ്റ്റാഫ്

റൂമിലേക്കെങ്ങാനും മുനീർ ഇപ്പോൾ കയറിവന്നാൽ താനെന്തു ചെയ്യും അതൊരു ചോദ്യമായിതന്നെ നിലകൊണ്ടു. കുറച്ചു മിനുട്ടുകൾ കഴിയുന്നതുവരെ നിവേദിതയ്ക്ക് ഒന്നും ചിന്തിക്കാൻ കഴിഞ്ഞില്ല. കണ്ണിൽ ഇരുട്ടു കയറിയപോലെ തോന്നി. ചുവരിലെ ഘടികാരത്തിൻെറ ശബ്ദം മുനീറിൻെറ കാലൊച്ചയായി അവൾ തെറ്റിദ്ധരിച്ചു.

ഭയം, പൊട്ടിപോയ അണക്കെട്ടുപോലെ ഇരച്ചെത്തുകയാണ്. ചില നിമിഷങ്ങൾ കാറ്റി നൊപ്പം പറന്നകന്നപ്പോൾ ഒരു കച്ചിത്തുരുമ്പുപോലെ ഒരു ചിന്ത.

താഴെ കാഷ്യാലിറ്റിയിൽ അജിത്താണ് ഡ്യൂട്ടിയിൽ. കറുത്തിട്ട് അൽപ്പം പല്ലുന്തിയവൻ. കൂടുതൽ ചിന്തിക്കൻ നിവേദിത മെനെക്കെട്ടില്ല. നിവേദിത കഷ്യാലിറ്റിയിലെക്ക് ഫോൺ ചെയ്തു. ഫോൺ എടുത്തത് അജിത്തു തന്നെയാണ്. നീയൊന്നിവിടം വരെ വരാമോയെന്ന് ചോദിച്ചപ്പോൾ അവനത് മനസിലായില്ല. അവൻ ഉറങ്ങുകയായിരുന്നെന്നു തോന്നുന്നു നാലാംവട്ടമാണ് അവന് കാര്യം മനസിലാകുന്നത്. അവൻ മുകളിലെത്തിയപ്പോൾ ആലില വിറയ്ക്കുന്നപോലെ നിവേദിത വിറയ്ക്കുകയാണ്.

എന്തൊ പന്തികേട് അജിത്തിനു മണത്തു.

അവനോട് കാര്യം പറയണമോയെന്ന് രണ്ടുവട്ടം നിവേദിത ചിന്തിച്ചു.

പലവട്ടം അജിത് കാരണം ചോദിച്ചപ്പോൾ നിവേദിത കാര്യം വെളുപ്പെടുത്തി. കേട്ടു കഴിഞ്ഞപ്പോൾ അവൻെറ കണ്ണു ചുവന്നു ഞരമ്പു പിടച്ചു. നിനക്കവൻെറ കരണം നോക്കി ഒന്നു പൊട്ടിക്കാമായിരിന്നില്ലേയെന്ന് അവൻ ചോദിച്ചത് അൽപ്പം ഉറക്കെതന്നെയായിരുന്നു.

കരണത്തടിക്കാൻ പോയിട്ട് ഒന്നോടി രക്ഷപെടാൻ എത്ര സമയമെടുത്തു.

മുറിക്കുള്ളിലെ ഫാൻ തണുത്ത കാറ്റുതരുന്നുണ്ടെന്ന് കുറെ സമയത്തിനു ശേഷമാണ് നിവേദിതയ്ക്ക് മനസിലായത്.

അടുത്തദിവസം തന്നെ പലരും സംഭവിച്ചതറിഞ്ഞു. അന്നു വൈകുന്നേരമാണ് ജെസ്ന പറഞ്ഞത് മുനീർ അവളോടു പറഞ്ഞിരുന്നെന്ന് ഒന്നു സഹകരിച്ചാൽ ഒരു സ്വർണ്ണമോതിരം തരാമെന്ന്. പലരും പല സംഭവങ്ങൾ വെളുപ്പെടുത്തി

ചിലതൊക്കെ അവർക്കു സംഭവിച്ചതു തന്നെയാണ്. മുനീറിനെതിരെ പല പെൺവിരലുകൾ നീണ്ടു. ഒരു മാസത്തിനു ശേഷം അവിടെനിന്നും ജോലി രാജിവച്ചുപോകുമ്പോൾ ആരോ പറയുന്നത് കേട്ടു മുനീറിനെ പോലിസ് അറസ്റ്റു ചെയ്തെന്ന്. മയക്കു മരുന്നു വിറ്റതിനും കൈവശം വച്ചതിനും ആയാൾ മയക്കു മരുന്നു വിൽക്കുന്ന കൂട്ടത്തിലെ ഒരു കണ്ണിയായിരുന്നുവത്രെ.

നിവേദിത നെടുവീർപ്പിട്ടു മുനീറിൻെറ അമ്മയെ ഓർത്തു. അവൻെറ അമ്മ അവനെ കൂലിപ്പണിക്കു പോയും അടുക്കളപ്പണിക്കുപോയുമാണ് വളർത്തിയത് ഒരുപാടു പ്രതീക്ഷയായിരുന്നു അവനെ പറ്റി അവർക്ക്.